(സി) സാഗര ആശുപത്രിയിലെ ഹൃദയ ശസ്ത്രക്രിയാ വിഭാഗം പ്രവർത്തിപ്പിക്കുന്നതിന് ഏതെങ്കിലും സ്ഥാപനവുമായോ/ വ്യക്തികളുമായോ ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ; ഇത്തരത്തിൽ തീരുമാനമെടുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; ഹൃദയ ശസ്ത്രക്രിയാ വിഭാഗത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) പുന്നപ്ര സാഗര ആശുപത്രിയെ സർക്കാരിന്റെ 'വിഷൻ 676' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) സാഗര ആശുപത്രിയിൽ മരുന്നുകളും മറ്റ് സർജിക്കൽ ഉപകരണങ്ങളും കൺസ്യൂമർഫെഡിൽ നിന്നാണ് വാങ്ങിയിരുന്നത്. ഇപ്പോൾ ഇവ വാങ്ങുന്നതിനായി സ്വകാര്യ സ്ഥാപനങ്ങളുമായി കരാറുകളിലൊന്നും ഏർപ്പെട്ടിട്ടില്ല. കേരള മെഡിക്കൽ കോർപ്പറേഷനിൽനിന്നും മരുന്നോ മറ്റ് ഉപകരണങ്ങളോ വാങ്ങാൻ കാരാറിൽ ഏർപ്പെട്ടിട്ടില്ല. അതുകൊണ്ട് അവരെ ഒഴിവാക്കിയിട്ടുമില്ല.

(സി) സാഗര സഹകരണ ആശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിലെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി തദ്ദേശവാസികൾക്ക് മിതമായ നിരക്കിൽ ചികിത്സ ലഭ്യമാക്കുന്നതിനായി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്ററിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് കേപ്പുമായി പ്രസ്തുത ആശുപത്രി ധാരണയുണ്ടാക്കിയിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് മാധ്യമങ്ങളിൽ തെറ്റിദ്ധാരണാജനകമായ വാർത്തകൾ വന്ന സാഹചര്യത്തിൽ ടി ആശുപത്രി ഈ ധാരണയിൽനിന്നും പിൻമാറുകയുണ്ടായി. ഹൃദയ ശസ്ത്രക്രിയാ വിഭാഗത്തിൽ വിദഗ്ധരായ ഡോക്ടർമാരുടെ ലഭ്യതക്കുറവുമൂലമാണ് പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത്.

സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് നടപടി

93(2294) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സഹകരണ ബാങ്കുകളിലെയും സംഘങ്ങളിലെയും സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനും അവയെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കമ്പ്യൂട്ടറൈസ്ഡ് സംവിധാനങ്ങളും സർപ്രൈസ് ഇൻസ്പെക്ഷനും നടത്തുന്നതിന് നടപടി ഉണ്ടാകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സഹകരണ സ്ഥാപനങ്ങളിലൂടെ കൂടുതൽ കാർഷിക വായ്പകൾ നല്കുന്നതിനും ഉണഭോക്താക്കളുടെ വർദ്ധനവ് വിലയിരുത്തുന്നതിനും പ്രത്യേക നടപടി ഉണ്ടാകുമോ?

ഉത്തരം

(എ) സർവ്വീസ് സഹകരണ ബാങ്കുകളിലെയും സംഘങ്ങളിലെയും പ്രവർത്തനം വിലയിരുത്തുന്നതിനും സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനും ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ എന്നീ ഉദ്യോഗസ്ഥർ സംഘത്തിൽ പരിശോധനകൾ നടത്താറുണ്ട്. മേൽ ഉദ്യോഗസ്ഥർ പ്രതിമാസം 3 മിന്നൽ പരിശോധനയും 2 വിശദപരിശോധനയും സംഘങ്ങളിൽ നടത്തേണ്ടതുണ്ടെന്ന് സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശം നിലവിലുണ്ട്. കൂടാതെ ഓരോ വർഷവും ആഡിറ്റർമാർ കണക്കുകൾ പരിശോധിക്കുകയും ചെയ്തുവരുന്നുണ്ട്. സർവ്വീസ് സഹകരണ ബാങ്കുകളിലെയും സംഘങ്ങളിലെയും സാമ്പത്തിക ഇടപാടുകൾ യഥാസമയം വിലയിരുത്തുന്നതിനും അതുവഴി 'സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനുമായി സംഘങ്ങളെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(ബി) ആവശ്യമായ വിലയിരുത്തലുകൾ നടത്താറുണ്ട്.

സഹകരണ മേഖലയും അഴിമതിയും

94(2295) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സഹകരണ മേഖലയിൽ അഴിമതി നിലനിൽക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങളെ തകർക്കുകയും പൊതു വിപണിയിലടക്കം ഇടപെട്ട് സമൂഹത്തിന് ഗുണകരമാകുന്നതിന് സാധിച്ചിരുന്ന സ്ഥാപനങ്ങൾപോലും നഷ്ടങ്ങൾ കാരണം പൂട്ടിയിടുകയും ചെയ്യുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം പരിശോധിച്ചിട്ടുണ്ടോ;

(സി) അഴിമതിക്കാരെ സഹകരണ പ്രസ്ഥാനങ്ങളുടെ ഉന്നത സ്ഥാനങ്ങളിൽ നിയമിച്ച് സഹകരണമേഖലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ തകർക്കുന്ന സമീപനമാണ് സ്വീകരിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly